പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2740 14.12.2015 -ലെ മറുപടിക്ക്.

തൊഴിലാളി ക്ഷേമപെൻഷൻ

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

(എ) തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട ഏതൊക്കെ പെൻഷനുകളാണ് വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതെന്നും പ്രസ്തുത പെൻഷനുകൾ പ്രതിമാസം എത്ര തുക വീതമാണെന്നും ഓരോന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ക്ഷേമപെൻഷനുകളിൽ പ്രതിമാസം എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

മറുപടി

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

എ) തൊഴിൽ വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള അസംഘടിത തൊഴിലാളി ക്ഷേമ പെൻഷൻ, മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവ പ്രതിമാസം 600/- രൂപയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമ പെൻഷനുകളിൽ 300/- രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1252/2011/തൊഴിൽ തീയതി 22.08.2011 പ്രകാരം എല്ലാ പെൻഷനുകളും 300/- രൂപയിൽ നിന്നും 400/- രൂപയാക്കി വർദ്ധിപ്പിച്ചു.

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1305/2013/തൊഴിൽ തീയതി 18.07.2013 പ്രകാരം 400/- രൂപയിൽ നിന്നും 500/- രൂപയാക്കി വർദ്ധിപ്പിച്ചു.

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1175/2014/തൊഴിൽ തീയതി 25.08.2014 പ്രകാരം 500/- രൂപയിൽ നിന്നും 600/- രൂപയാക്കി വർദ്ധിപ്പിച്ചു.

(സി) എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന് ഓരോന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) കർഷകതൊഴിലാളി പെൻഷൻ 2015 സെപ്റ്റംബർ വരെ വിതരണം നടത്തി. ഒക്ടോബർ മുതൽ കുടിശ്ശികയുണ്ട്. അസംഘടിത തൊഴിലാളി പെൻഷൻ 2015 മാർച്ച് വരെ വിതരണം നടത്തി ഏപ്രിൽ മുതൽ കുടിശ്ശികയാണ്. മരംകയറ്റ തൊഴിലാളി പെൻഷൻ ഏപ്രിൽ മുതൽ ജൂലൈ 2015 വരെ വിതരണം നടത്തി. 2015 ഓഗസ്റ്റ് മുതൽ കുടിശ്ശികയാണ്.

(ഡി) പ്രസ്തുത പെൻഷനുകൾക്കായി ഒരു വർഷം സർക്കാർ എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

(ഡി) കർഷകതൊഴിലാളി പെൻഷന് 465,98,74,000 (നാനൂറ്റി അറുപത്തി അഞ്ച് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി എഴുപത്തി നാലായിരം രൂപ മാത്രം) രൂപയും അസംഘടിത തൊഴിലാളി പെൻഷന് 1,57,23,000 (ഒരു കോടി അമ്പത്തി ഏഴ് ലക്ഷത്തി ഇരുപത്തി മൂവായിരം രൂപ മാത്രം) രൂപയും മരംകയറ്റ തൊഴിലാളി പെൻഷന് 1,60,00,000 (ഒരു കോടി അറുപത് ലക്ഷം രൂപ മാത്രം) രൂപയും ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ